# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE: 28.04.2025**

1. 2025 ലെ പത്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിക്കുന്നു. മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ എം.ടി. വാസുദേവൻ നായർക്കുള്ള പത്മവിഭൂഷൺ പുരസ്കാരം മകൾ ഏറ്റുവാങ്ങി.

2. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

3. മലിനമായ വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും കോളറ പകരാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

4. ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ കരുൺ അന്തരിച്ചു. വിടവാങ്ങിയത് നവതരംഗ സിനിമയക്ക് സർഗാത്മകമായ ഊർജം പകർന്ന അതുല്യ പ്രതിഭ.

5. എസ് എസ് എൽ സി പരീക്ഷാഫലം മെയ് രണ്ടാം വാരം പ്രഖ്യാപിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

RNJU TVPM

6. ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷങ്ങൾ സമാപനത്തിലേക്ക്.

*************************

## പത്മ പുരസ്കാരം

ഈ വർഷത്തെ പത്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിക്കുന്നു. രാഷ്ട്രപതി ഭവനിൽ പുരസ്ക്കാരദാന ചടങ്ങ് പുരോഗമിക്കുകയാണ്. മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ എം.ടി. വാസുദേവൻ നായർക്ക് മരണാനന്തര ബഹുമതിയായി നൽകിയ പത്മവിഭൂഷൺ പുരസ്കാരം അദ്ദേഹത്തിന്റെ മകൾ ഏറ്റുവാങ്ങി. ഡോ.ജോസ് ചാക്കോ പെരിയപ്പുറം, പി.ആർ. ശ്രീജേഷ് എന്നിവർക്ക് പത്മഭൂഷണും കെ.ഓമനക്കുട്ടി അമ്മയ്ക്ക് പത്മശ്രീയും സമ്മാനിച്ചു. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉൾപ്പെടുള്ള പ്രമുഖർ സന്നിഹിതരായിരുന്നു.

RNU TVPM

*************************

## രാജ്നാഥ്-പ്രധാനമന്ത്രി കൂടിക്കാഴ്ച

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നടന്ന കൂടിക്കാഴ്ച 40 മിനിറ്റ് നീണ്ടു. നേരത്തെ സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാനുമായി രാജ്യരക്ഷാ മന്ത്രി കൂടിക്കാഴ്ച നടത്തിയിരുന്നു. അതെസമയം, ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ച 16 പാകിസ്ഥാൻ യൂട്യൂബ് ചാനലുകൾ ഇന്ത്യ

നിരോധിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ശുപാർശ പ്രകാരമാണ് നടപടി.

************************

**മുഖ്യമന്ത്രി-ഇടുക്കി (ഇൻട്രോ)**

സംസ്ഥാനത്ത് കഴിഞ്ഞ 3 വർഷത്തെ തനത് വരുമാന വർദ്ധന 81,000 കോടിയിലെത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് ഇടുക്കി നെടുങ്കണ്ടത്ത് നടന്ന ജില്ലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

************************

**ആരോഗ്യമന്ത്രി - കോളറ**

മലിനമായ വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും കോളറ പകരാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. വയറിളക്കം, ഛർദ്ദി, പേശി വേദന, നിർജ്ജലീകരണം എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. വൃത്തിയുള്ള ആഹാരവും വ്യക്തി ശുചിത്വവും പാലിക്കണം. തിരുവനന്തപുരത്ത് മരണമടഞ്ഞ ഒരാൾക്ക് കോളറ സ്ഥിരീകരിച്ചതോടെ ആരോഗ്യ വകുപ്പ് ശക്തമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

************************

**പി രാജീവ് - വയനാട് ടൗൺഷിപ്പ്**

വയനാട് മുണ്ടക്കൈ-ചൂരൽമല അതിജീവിതർക്കുള്ള ടൗൺഷിപ്പ് നിർമാണം എത്രയും വേഗം പൂർത്തിയാക്കുമെന്ന് മന്ത്രി പി രാജീവ്. കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റ് സന്ദർശിച്ച് ടൗൺഷിപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തിയ ശേഷം

RNUTVPM

സംസാരിക്കുകയായിരുന്നു അദ്ദേഹം. മഴക്കാലം ശക്തമാവുന്നതിന് മുൻപെ അതിജീവിതരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ശ്രീ പി രാജീവ് അറിയിച്ചു.

************************

**ഷാജി എൻ കരുൺ**

ചലച്ചിത്ര സംവിധായകനും ഛായാഗ്രഹകനുമായ ഷാജി എൻ കരുൺ അന്തരിച്ചു. 73 വയസായിരുന്നു. തിരുവനന്തപുരം വഴുതക്കാട് സ്വവസതിയായ 'പിറവി' യിലായിരുന്നു അന്ത്യം. 40 ഓളം സിനിമകൾക്ക് ഛായാഗ്രഹണം നിർവഹിച്ചിട്ടുണ്ട്. ആദ്യചിത്രമായ പിറവിക്ക് കാൻ ഫിലിം ഫിലിം ഫെസ്റ്റിവല്ലിൽ ഗോൾഡെൻ ക്യാമറ പ്രത്യേക പരാമർശമടക്കം നിരവധി ദേശീയ - സംസ്ഥാന പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പത്മശ്രീ പുരസ്കാരം നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിരുന്നു. ചലച്ചിത്ര മേഖലയിലെ സംസ്ഥാന സർക്കാരിന്റെ പരമോന്നത ബഹുമതിയായ ജെ സി ഡാനിയേൽ പുരസ്കാരം കഴിഞ്ഞ ദിവസമാണ് അദ്ദേഹം ഏറ്റുവാങ്ങിയത്.

RNUTVPM

************************

**ഷാജി എൻ കരുൺ - അനുസ്മരണം (ഇൻട്രോ)**

നടനും തിരക്കഥാകൃത്തുമായ പി. ശ്രീകുമാർ, ഷാജി എൻ കരുണിനെ അനുസ്മരിക്കുന്നു.

(വോയിസ്)

************************

**എസ് എസ് എൽ സി - പരീക്ഷാ ഫലം**

എസ് എസ് എൽ സി പരീക്ഷാഫലം മെയ് രണ്ടാം വാരം പ്രഖ്യാപിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

ഇതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഹയർസെക്കൻഡറി പരീക്ഷ ഫലം സംബന്ധിച്ചുള്ള കാര്യങ്ങൾ പിന്നീട് പ്രഖ്യാപിക്കുമെന്ന് മന്ത്രി പറഞ്ഞു.

************************

**മന്ത്രി കെ കൃഷ്ണൻകുട്ടി**

കാർഷിക മേഖലയെ ഉന്നതിയിലേക്ക് എത്തിക്കുന്നതിന് രാഷ്ട്രീയത്തിന് അതീതമായ പ്രവർത്തനങ്ങളും കർഷക അനുകൂല പ്രസ്ഥാനങ്ങളും ശക്തിപ്പെടേണ്ടത് ആവശ്യമാണെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി. കൾച്ചറൽ സൊസൈറ്റി ഓഫ് അങ്കമാലി സംഘടിപ്പിച്ച വിത്തും കൈക്കോട്ടും കാർഷികോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാർഷിക മേഖലയിലെ കോർപ്പറേറ്റ് വത്കരണം ചെറുകിട കർഷകരുടെ ജീവിതം ദുഷ്ക്കരമാക്കിയെന്നും മന്ത്രി പറഞ്ഞു.

************************

**ആകാശവാണി-വാർഷികം**

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷങ്ങൾ സമാപനത്തിലേക്ക്. വഴുതക്കാട് ടാഗോർ തിയറ്ററിൽ നടക്കുന്ന ചടങ്ങ് കവി ശ്രീകുമാരൻ തമ്പി അൽപസമയത്തിനകം ഉദ്ഘാടനം ചെയ്യും. സമാപന ചടങ്ങിനോടനുബന്ധിച്ച് മാധ്യമ ലോകം : വർത്തമാനവും ഭാവിയും എന്ന വിഷയത്തിൽ ചർച്ച നടന്നു. തുടർന്ന് ലയസംഗമം, സംഗീത സന്ധ്യ എന്നിവയും അരങ്ങേറി.

************************

**തുഷാര കേസ് - ജീവപര്യന്തം വിധി**

PIU TVPM

കൊല്ലത്ത് സ്ത്രീധനത്തിന്റെ പേരിൽ യുവതിയെ പട്ടിണിക്കിട്ട് കൊലപ്പെടുത്തിയ കേസിൽ ഭർത്താവിനും, ഭർത്തൃമാതാവിനും ജീവപര്യന്തവും ഒരു ലക്ഷം രൂപവീതവും ശിക്ഷ വിധിച്ചു. കൊല്ലം അഡീഷണൽ ഡിസ്ട്രിക്റ്റ് സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. 2019 മാർച്ചിലാണ് തുഷാര മരിച്ചത്. മരിക്കുമ്പോൾ 28 വയസ്സ് ഉണ്ടായിരുന്ന തുഷാരയുടെ ശരീര ഭാരം 21 കിലോഗ്രാം മാത്രമായിരുന്നു. സംശയം തോന്നിയ ബന്ധുക്കൾ പോലീസിൽ പരാതി നൽകിയതിനെ തുടർന്നാണ് കുറ്റം തെളിഞ്ഞത്.

************************

## ഓപ്പറേഷൻ ഡി ഹണ്ട്

ഓപ്പറേഷൻ ഡിഹണ്ടിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മയക്കുമരുന്ന് കൈവശം വച്ചതിന് 112 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. 1,945 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. 120 പേരെ അറസ്റ്റ് ചെയ്തു.

RNU TVPM

************************

## വേടൻ - ഒഴിവാക്കി

വേടൻ എന്നറിയപ്പെടുന്ന റാപ്പർ ഹിരൺ ദാസിന്റെ കൊച്ചിയിലെ ഫ്ലാറ്റിൽ നിന്നും കഞ്ചാവ് കണ്ടെത്തി. ഇയാളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് കണ്ടെടുത്തത്. അതെസമയം, സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി ഇടുക്കിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ നിന്ന് വേടന്റെ റാപ്പ് ഷോ ഒഴിവാക്കി. കഞ്ചാവ് കേസിൽ പിടിച്ച സാഹചര്യത്തിലാണ് തീരുമാനം.

************************

**കോഴിക്കോട് ആശുപത്രി - ലക്ഷ്യ (ഇൻട്രോ)**

ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും മികച്ച സൗകര്യങ്ങൾ ഉറപ്പുവരുത്തുന്ന സ്ഥാപനങ്ങൾക്ക് നൽകുന്ന 'ലക്ഷ്യ' അംഗീകാരം നേടി കോഴിക്കോട് ജില്ലയിലെ മൂന്ന് സർക്കാർ ആശുപത്രികൾ. കോട്ടപറമ്പ് അമ്മയും കുഞ്ഞും ആശുപത്രി, ഐഎംസിഎച്ച് കോഴിക്കോട്, സർക്കാർ ജനറൽ ആശുപത്രി എന്നിവയ്ക്കാണ് അംഗീകാരം.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

**(വോയിസ്)**

RNUTVPM

************************

**സെൻസെക്സ് + സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 1,005 പോയിന്റ് നേട്ടത്തിൽ 80,218-ലും നിഫ്റ്റി 289 പോയിന്റ് ഉയർന്നു 24,329-ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. ഗ്രാമിന് 65 രൂപ കുറഞ്ഞ് 8,940 രൂപയും, പവന് 520 രൂപ താഴ്ന്നു 71,520 രൂപയുമാണ് ഇന്നത്തെ വില.

************************

**ഇന്ത്യ-ഫ്രാൻസ് റാഫേൽ**

ഫ്രാൻസിൽ നിന്ന് 26 റാഫേൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിനുള്ള പ്രതിരോധ കരാറിൽ ഇന്ത്യ ഒപ്പുവെച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും ഫ്രാൻസ് പ്രതിരോധ മന്ത്രി സെബാസ്റ്റീൻ ലെകോർണുവുമാണ് കരാറിൽ ഒപ്പുവെച്ചത്. 26 റാഫേൽ മറൈൻ വിമാനങ്ങളിൽ 22 എണ്ണം സിംഗിൾ സീറ്ററും നാല് എണ്ണം ഡബിൾ സീറ്ററുമായിരിക്കും. 2030- ഓടെ വിമാനങ്ങൾ കൈമാറാനാണ് ലക്ഷ്യമിടുന്നത്.

*

*************

**********************************

RNU TVPM